മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേട്

23 (6728) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും എത്ര കോടി രൂപയുടെ മരുന്ന് വാങ്ങിയിരുന്നു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മറ്റേതെങ്കിലും പൊതുമേഖലാ മരുന്നു കമ്പനികളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മരുന്നു വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തു എന്നും ഉപയോഗം കുറവായിരുന്ന മരുന്നുകൾ വിതരണക്കാരെ തിരികെ എടുപ്പിക്കുന്നതിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വീഴ്ചവരുത്തിയതുമൂലം ഖജനാവിന് 2.91 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നുമുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2013-14 സാമ്പത്തിക വർഷം കെ.എസ്.ഡി.പി.യിൽ നിന്നും 12.42 കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡിൽ നിന്നും 2014-15 സാമ്പത്തിക വർഷം മരുന്നു വാങ്ങുന്നുണ്ട്. ഇതുകൂടാതെ ഹിന്ദുസ്ഥാൻ ഫോട്ടോ ഫിലിംസ് & മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ്, ബംഗാൾ കെമിക്കൽസ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കർണ്ണാടക ആന്റിബയോട്ടിക്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ ആശുപത്രികളിലേക്ക് മുൻ വർഷങ്ങളിൽ മരുന്നു വാങ്ങിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

24 (6729) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനത്തിലെ അപാകതകളെക്കുറിച്ചുള്ള ആവലാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly